**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5373** **21-03-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായികവകുപ്പിനു കീഴിലായി എത്ര സ്പോർട്സ് ഹോസ്റ്റലുകൾ നിലവിലുണ്ട്; എത്ര വിദ്യാർത്ഥികളാണ് പ്രസ്തുത സ്പോർട്സ് ഹോസ്റ്റലുകളിൽ പഠിക്കുന്നത്; | (എ) | സംസ്ഥാനത്ത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി 27 ജില്ലാ സ്പോർട്സ് അക്കാദമികൾ, 39 കോളേജ് സ്പോർട്സ് അക്കാദമികൾ, 13 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിച്ച് വരുന്നു. പ്രസ്തുത സ്പോർട്സ് ഹോസ്റ്റലുകളിലായി ആകെ 1916 കായിക താരങ്ങൾ താമസിച്ച് പരിശീലനം നേടി വരുന്നു.<br><br>കായികയുവജനകാര്യാലയത്തിന്റെ കീഴിൽ താഴെപ്പറയുന്ന 3 സ്പോർട്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.<br><br>1.ജി.വി. രാജാ സ്പോർട്സ് സ്കൂൾ.<br>2. കണ്ണൂർ സ്പോർട്സ് സ്കൂൾ.<br>3. സ്പോർട്സ് ഡിവിഷൻ, തൃശ്ശൂർ.<br>റസിഡൻഷ്യൽ സ്കൂളായതിനാൽ ഇവിടെ ഹോസ്റ്റൽ സൗകര്യം നല്കിയിട്ടുണ്ട്. ടി സ്പോർട്സ് ഹോസ്റ്റലിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>1. ജി.വി.രാജാ സ്പോർട്സ് സ്കൂൾ - 379<br>2. കണ്ണൂർ സ്പോർട്സ് സ്കൂൾ - 229<br>3. സ്പോർട്സ് ഡിവിഷൻ, തൃശ്ശൂർ -102 |
| (ബി) | സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് ഹോസ്റ്റൽ കായിക താരങ്ങളുടെ തിരഞ്ഞെടുപ്പ് നോംസ് പരിഷ്കരിച്ച് പുതിയ കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചു. ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തിച്ച് വരുന്നു. ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് അതത് കായികയിനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | അനുയോജ്യമായ സ്പോർട്സ് കിറ്റ് നൽകി വരുന്നു. ഫെഡറേഷനുകളുടെയും അസോസിയേഷനുകളുടെയും റിഫ്രഷർ കോഴ്സുകൾ പങ്കെടുക്കുന്നതിന് ഹോസ്റ്റൽ പരിശീലകർക്ക് അനുമതി നൽകി വരാറുണ്ട്. ഇതിലൂടെ ഹോസ്റ്റലിലെ കായിക താരങ്ങൾക്ക് നൂതനമായതും മെച്ചപ്പെട്ടതുമായ പരിശീലനം നൽകുന്നതിന് പരിശീലകർക്ക് സാധിക്കുന്നുണ്ട്. കൂടാതെ കായിക താരങ്ങൾക്ക് പരിശീലനം, പഠനം, വൈദ്യസഹായം, സ്പോർട്സ് കിറ്റ്, ഗുണമേന്മയുള്ള ഭക്ഷണം എന്നിവയും നൽകി വരുന്നുണ്ട്.<br><br>സ്പോർട്സ് സ്കൂളുകളിൽ കായിക പരിശീലനത്തോടൊപ്പം, അക്കാദമിക് പരിശീലനവും നല്കി വരുന്നു. കായിക താരങ്ങൾക്ക് താമസ സൗകര്യം നല്കിക്കൊണ്ട് കൃത്യവും ശാസ്ത്രീയവുമായ പരിശീലനത്തോടൊപ്പം, പോഷക സമൃദ്ധമായ ഭക്ഷണവും നല്കി വരുന്നു. ടി സ്പോർട്സ് സ്കൂളുകളുടെ സ്പോർട്സ് ഹോസ്റ്റലിന്റെ സുരക്ഷക്കായി സെക്യൂരിറ്റി സ്റ്റാഫുകളെയും, കുട്ടികളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് മറ്റ് സ്റ്റാഫുകളെയും നിയമിച്ചിട്ടുണ്ട്. ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികളിൽ കൃത്യസമയത്ത് നടത്തുന്നതിനും ഇതിന്റെ മേൽ നോട്ടം വഹിക്കുന്നതിനും കായിക യുവജന കാര്യാലയത്തിന്റെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ